(3) വൈകി കിട്ടിയ ഉത്തരങ്ങൾ

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് അനുസരിച്ചുള്ള നിക്ഷേപ പദ്ധതികൾ

111 [417] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് അനുസരിച്ച് എത്ര കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ ആവിഷ്കരിക്കുവാനാണ് കരാർ ഉണ്ടാക്കിയത്;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആരംഭിച്ചു എന്നും എത്ര പേർക്ക് തൊഴിൽ നൽകാനായി എന്നും വെളിപ്പെടുത്താമോ;

(സി) പ്രതീക്ഷിച്ചതുപോലെ വ്യാവസായിക രംഗത്തെ വളർച്ചാ നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ് എന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിലെ വ്യാവസായിക വികസനവുമായി ബന്ധപ്പെട്ട് മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥൻമാരും എത്ര വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്; അവയ്ക്കെല്ലാംകൂടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര തുക യാത്രാപ്പടി ഇനത്തിലും മറ്റ് അനുബന്ധ ചെലവിനങ്ങളിലും നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 11,159.45 കോടി രൂപയുടെ പദ്ധതികൾക്ക്.

(ബി) 121.25 കോടി രൂപയുള്ള 11 പദ്ധതികൾ. 857 പേർക്ക് തൊഴിൽ നൽകാനായി.

(സി) പ്രതീക്ഷയ്ക്കനുസരിച്ചുള്ള വർദ്ധനവ് ഉണ്ടാകുമെന്ന് കരുതുന്നു.

(ഡി) ലഭ്യമായ കണക്കനുസരിച്ച് മന്ത്രിമാരും ഉദ്യോഗസ്ഥരും ചേർന്ന് 18 വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്. ഇതിനെല്ലാംകൂടി 84,76,740 രൂപ ചെലവായിട്ടുള്ളതായി കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly